(ബി) അനന്തപുരി ബസ്സുകളുടെ മാതൃകയിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും തിരക്കേറിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. 100 പുതിയ ബസ്സുകൾ ഓടിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വേണാട് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾ എന്ന പേരിലുള്ള ഇത്തരം ബസ്സുകളിൽ ഇതിനകംതന്നെ 19 എണ്ണം നിരത്തിലിറക്കിയിട്ടുണ്ട്. ബാക്കിയുള്ള 81 ബസ്സുകൾകൂടി നിരത്തിലിറക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഹൈടെക് ബസ്സുകളുടെ അറ്റകുറ്റപ്പണിക്കുള്ള കരാർ

88 [552] *പ്രൊഫ. എ. ഡി. മുസ്തഫ:*

അഡ്വ. എം. എ. കുട്ടപ്പൻ:

ശ്രീ. സി. പി. മുഹമ്മദ്:

,, കെ. എ. ചന്ദ്രൻ:

,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ എത്ര ഹൈടെക് ബസ്സുകളുടെ ബോഡി പൊളിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ആര് മന്ത്രിയായിരുന്നപ്പോൾ വാങ്ങിയതാണ് അവ എന്ന് വ്യക്തമാക്കാമോ;

(സി) ഇവ വാങ്ങുമ്പോൾ ഇവയുടെ ബോഡിക്കോ യന്ത്രത്തിനോ അറ്റകുറ്റപ്പണി ചെയ്യുന്നതു സംബന്ധിച്ച് എന്തെങ്കിലും കരാറുണ്ടാക്കിയിരുന്നുവോ; എങ്കിൽ പ്രസ്തുത കരാർ എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത കരാറനുസരിച്ച് വണ്ടികളുടെ അറ്റകുറ്റപ്പണി ചെയ്യുന്നതിന് പ്രതിമാസം എന്തു ചെലവുവരും എന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ഹൈടെക് ബസ്സുകളുടെ ബോഡി പൊളിഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇവ വാങ്ങുമ്പോൾ ബോഡിക്കും ചേസിസ്സിനും കരാർ ഉണ്ടായിരുന്നു. ബോഡിക്ക് ആറുമാസമോ 70,000 കിലോമീറ്ററോ ഏതാണ് ആദ്യം തികയുന്നത് അതുവരെയും ചേസിസ്സിന് 1½ ലക്ഷം കിലോമീറ്ററോ 1½ വർഷമോ ഏതാണ് ആദ്യം തികയുന്നത് അതുവരെയും സൗജന്യ അറ്റകുറ്റപണികൾ ചെയ്യുന്നതിന് കരാർ ഉണ്ടായിരുന്നു.

GPM. 2/573/2012—18

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കരാറനുസരിച്ച് കരാർ കാലയളവിനുള്ളിൽ ചെലവ് വരുന്നില്ല.

കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി

89 [553] *ശ്രീ. റോഷി അഗസ്റ്റിൻ:*

„ തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) പുതിയതിനെ അപേക്ഷിച്ച് കാലപഴക്കം ചെന്ന ബസ്സുകൾ നിരത്തിൽ ഓടുന്നതുമൂലം അമിതമായ ഇന്ധനനഷ്ടം ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വർഷംതോറും എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടാകുന്നത്;

(ഇ) കാലപ്പഴക്കംചെന്ന വാഹനങ്ങൾക്കു പകരം ഇന്ധനക്ഷമതയുള്ള പുതിയവ നിരത്തിലിറക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) & (ബി) കെ.എസ്.ആർ.ടി.സി. ഇന്ധനച്ചെലവ് കുറച്ചുകൊണ്ടുവരുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡ്രൈവർമാർക്ക് ഡ്രൈവിംഗ് മെച്ചപ്പെടുത്തുന്നതിനും തദ്വാര ഇന്ധനച്ചെലവ് കുറയ്ക്കുന്നതിനുംവേണ്ടി കെ.എസ്.ആർ.ടി.സി. യുടെ ട്രെയിനിംഗ് സെന്ററിൽ പി.സി.ആർ.എ.യുടെ സഹായത്തോടുകൂടി 28-2-2005 മുതൽ പ്രത്യേക പരിശീലനം നൽകിവരികയാണ്. ഇതിനകംതന്നെ 1021 ഡ്രൈവർമാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ, ഡിപ്പോ അടിസ്ഥാനത്തിൽ സാങ്കേതികവിഭാഗം ഉദ്യോഗസ്ഥർക്കും ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും ഇന്ധനക്ഷമത കൈവരിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നുണ്ട്. വാഹനങ്ങളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തി ഇന്ധനക്ഷമത കൈവരുത്തുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതിലേക്കായി "ഡീസൽ ലാഭിക്കുക - 2005" തീവ്രയത്നപരിപാടി ആവിഷ്കരിച്ച് 28-2-2005 മുതൽ നടപ്പാക്കിവരികയാണ്. കൂടാതെ, പത്തിന നിർദ്ദേശങ്ങളടങ്ങുന്ന ആകർഷകമായ സ്റ്റിക്കറുകൾ ഡ്രൈവർക്ക് ശ്രദ്ധിക്കത്തക്ക തരത്തിൽ എല്ലാ ബസ്സുകളിലും പതിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly